പാലക്കാട് ജില്ലയിലെ പത്തിരിപ്പാല ഗവൺമെൻറ് ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

943 [1132] ശ്രീ. വി. സി. കബീർ: താഴെ താണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പത്തിരിപ്പാല ഗവൺമെൻറ് ഹൈസ്കൂളിന്ന് ഫ്ളഡ് റിലീഫ് സ്കീം പ്രകാരം ഒരു കെട്ടിടം നിർമ്മിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവിടെ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ചിത്തോന്ന ഗവൺമെൻറ് എൽ. പി. സ്കൂളിന് അനുവദിച്ച കെട്ടിടം

944 [1133] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്തോന്ന ഗവൺമെൻറ് എൽ. പി. സ്കൂളിന് അനുവദിച്ച പുതിയ കെട്ടിടത്തിന് ആവശ്യമായ ആസ്ബസ്റോസ് ഷീററുകൾ ലഭ്യമാക്കി കെട്ടിടത്തിന്റെ പണി വേഗം തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടലിൽ ഗവൺമെൻറ് എൽ. പി. സ്കൂളിന്റെ അററകുററപ്പണികൾ

945 [1134] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നുമ്മൽ സബ് ജില്ലയിലെ കൂടലിൽ എൽ.പി. സ്കൂളിന്റെ അററകുററപ്പണികൾക്കും ഓടുമേയലിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ധനദൗർലഭ്യം മൂലം കുന്നുമ്മൽ സബ് ജില്ലയിലെ കൂടലിൽ എൽ. പി. സ്കൂൾ ഓടുമേയുന്നതിന് തൽക്കാലം സാദ്ധ്യമാകുന്നതല്ല. എന്നാൽ അററകുററപ്പണികൾക്കും ഓലമേയലിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly